നിലയിൽ ആറ്റിങ്ങൽ നഗരസഭയുടെ പ്രോജക്ട് എ.ഡി.ബി. മുമ്പാകെ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് മൂല്യനിർണ്ണയത്തിനായി അയച്ചുകൊടുക്കുകയുണ്ടായി. എന്നാൽ വിശദമായ എസ്റ്റിമേറ്റ്, ഡാറ്റ, കൺവെയൻസ് സ്റ്റേറ്റ്മെന്റ്, റോഡിന്റെ വീതി സംബന്ധിച്ച സൈറ്റ് പ്ലാൻ എന്നിവയുടെ അഭാവത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ മടക്കുകയുണ്ടായി. അപ്രകാരം നിർദ്ദേശിച്ച പ്രകാരമുള്ള കുറവുകൾ പരിഹരിച്ച് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് ആറ്റിങ്ങൽ നഗരസഭ സമർപ്പിക്കുകയുണ്ടായില്ല. കെ.എൽ.ജി.ഡി.എഫ്. പദ്ധതി ഘടകവുമായി ബന്ധപ്പെട്ട വായ്പ 2013 ആഗസ്റ്റിൽ എ.ഡി.ബി. പിൻവലിച്ച് റദ്ദാക്കിയ സാഹചര്യത്തിൽ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി

72 (7369) ശ്രീ. ബെന്നി ബെഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് വകുപ്പിന്റെ അംഗീകാരം ആവശ്യമാണോയെന്നറിയിക്കുമോ ;

(ബി) കൊച്ചിൻ കോർപ്പറേഷനിൽ ഹോമിയോ ഡിസ്പെൻസറി നടത്തുന്നതിന് വേണ്ടിയുള്ള കൗൺസിൽ റെസല്യൂഷൻ പാസ്സാക്കി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുനൽകിയിട്ട് എത്ര നാളായെന്ന് അറിയിക്കുമോ ;

(സി) ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് സർക്കാരിന്റെ പ്രത്യേക അംഗീകാരം ആവശ്യമില്ല. എന്നാൽ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനുവേണ്ട സ്റ്റാഫിന്റെ നിയമനത്തിന് സർക്കാർ അനുമതി ആവശ്യമാകുന്നു.

(ബി&സി) ഉണ്ട്. അതാത് കാലങ്ങളിൽ നിശ്ചിത കാലാവധിക്കാണ് ഹോമിയോ ഡിസ്പെൻസറി നടത്തുന്നതിനായി പുതുക്കി നൽകാറുള്ളത്. 29-11-2013-ലെ 24-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 31-3-2014 വരെ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 30-6-2014 വരെ കൗൺസിൽ അംഗീകരിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, മേയർ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതുക്കുന്നതിനായി കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 15-6-2014-ലെ 6-ാം നമ്പർ തീരുമാനപ്രകാരം കൗൺസിലിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ആയത് കൗൺസിൽ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly